# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *255 — 20.06.2013-ൽ മറുപടിയ്ക്ക്

## സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>,, എൻ.ഷംസുദ്ദീൻ<br>,, കെ.എൻ.എ.ഖാദർ<br>,, എം.ഉമ്മർ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ 1000 കി.മീറ്റർ റോഡുകളുടെ നിലവാരമുയർത്തുന്നതിന്റെ ഭാഗമായി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകൾ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി (സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്). ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള(RICK) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ 551 കി.മീ റോഡുകളും അപ്ഗ്രഡേഷൻ പാക്കേജിൽ ലഘുവായ തോതിൽ മാത്രം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 653 കി.മീ റോഡുകളുമാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന റോഡുകൾ ആന്യൂറ്റി രീതിയിൽ കരാറെടുത്ത് നവീകരിക്കുന്നതിന് കൺസൽട്ടൻസി കമ്പനികളിൽ നിന്നും ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. അപ്ഗ്രഡേഷൻ പാക്കേജിൽ വരുന്ന റോഡുകളുടെ വികസനത്തിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കൺസൾട്ടൻസി കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br>റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെട്ട പണികൾക്ക് ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞു. മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കി പണി ഉടനെ ആരംഭിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിനുള്ള ഫണ്ട് ഏതെല്ലാം വിധത്തിൽ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; | (ബി) | റീഹാബിലിറ്റേഷൻ പാക്കേജിൽ വികസിപ്പിക്കുന്ന റോഡുകൾ പി.പി.പി/ആന്യൂറ്റി രീതിയിൽ സർക്കാർ ധനസഹായത്തോടെയും അപ്ഗ്രഡേഷൻ പാക്കേജ് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് പോലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടെയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഈ പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ട റോഡുകളുടെ കാര്യത്തിൽ മാനദണ്ഡമെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ ; അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ? | (സി) | ബാംഗ്ലൂരിലെ M/s വിൽബർ സ്മിത്ത് അസോസിയേറ്റ്സ്, എന്ന കൺസൾട്ടിങ്ങ് കമ്പനി ഈ പദ്ധതി പ്രകാരം ഏറ്റെടുക്കേണ്ട റോഡുകളെപ്പറ്റി നടത്തിയ സാധ്യത പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. റോഡുകളിലെ വാഹനങ്ങളുടെ ബാഹുല്യം, പ്രധാന റോഡുകളുടെ കണക്ടിവിറ്റി, കടന്ന് പോകുന്ന സ്ഥലങ്ങളുടെ കാർഷിക, വ്യാവസായിക, തീർത്ഥാടന, വിനോദ സഞ്ചാര കേന്ദ്രങ്ങളുമായുള്ള ലിങ്ക് തുടങ്ങിയവ അടിസ്ഥാനമാക്കിയാണ് റോഡുകൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ട 1204 കി.മീ റോഡുകളാണ് റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായി വികസിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നത്. |

**സെക്ഷൻ ഓഫീസർ**